**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1994** **04-02-2026 - ൽ മറുപടിയ്ക്ക്**

**പൂക്കോട് വെറ്ററിനറി സർവകലാശാലയിലെ അധ്യാപക-അനധ്യാപക നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ. സി. ബാലകൃഷ്ണൻ | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | പൂക്കോട് കേരള വെറ്ററിനറി ആൻഡ് അനിമൽ സയൻസസ് സർവകലാശാലയിൽ അധ്യാപക - അനധ്യാപക നിയമനങ്ങളിൽ സംവരണക്രമവും പ്രായപരിധി മാനദണ്ഡങ്ങളും ലംഘിക്കപ്പെട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഏതു സാഹചര്യത്തിലാണ് ഇപ്രകാരം നിയമനം നടന്നതെന്ന് വ്യക്തമാക്കാമോ; | (എ) | സർക്കാർ ചട്ടങ്ങൾ, സർവകലാശാല സ്റ്റാറ്റ്യൂട്ട്, UGC മാനദണ്ഡങ്ങൾ എന്നിവ പാലിച്ചാണ് കേരള വെറ്ററിനറി ആൻഡ് അനിമൽ സയൻസസ് സർവകലാശാലയിൽ മുഴുവൻ നിയമനങ്ങളും നടത്തിയിട്ടുള്ളത്. സർവകലാശാലയിൽ നടത്തിയ മുൻ നിയമനങ്ങളിൽ ഡിപ്പാർട്ട്മെന്റ് തലത്തിൽ ആണ് സംവരണം നടപ്പാക്കിയിരുന്നത്.<br><br>സർവകലാശാല ആക്ട് 58 ഭേദഗതി ചെയ്തതിനെ തുടർന്ന് സർവകലാശാലയെ ഒറ്റ യൂണിറ്റായി കണക്കാക്കി സംവരണ ക്രമം നടപ്പാക്കുന്ന നിയമം പ്രാബല്യത്തിൽ വരുകയും KS&SSR പ്രകാരം പുതിയ പട്ടിക തയ്യാറാക്കി അസി. പ്രൊഫസർ നിയമനം നടത്തുന്നതിന് വിജ്ഞാപനം പുറപ്പെടുവിക്കുകയും ചെയ്തു. തുടർന്ന് മുൻ നിയമനങ്ങളിൽ മതിയായ പ്രാതിനിധ്യം ലഭിക്കാതിരുന്ന ചില പിന്നാക്ക വിഭാഗങ്ങൾക്ക് പ്രാതിനിധ്യം ഉറപ്പാക്കുന്നതിന് ഇരുപതോളം ബാക്ക് ലോഗ് ഒഴിവുകൾ പ്രത്യേകമായി വിജ്ഞാപനം ചെയ്യുകയും ചെയ്തു. സംവരണക്രമം വിജ്ഞാപനത്തോടൊപ്പം സർവകലാശാല വെബ്സൈറ്റിൽ പ്രസിദ്ധീ കരിച്ചിരുന്നു. അപ്രകാരം സുതാര്യമായ നിയമന പ്രക്രിയയിലൂടെയാണ് നിയമനനടപടികൾ പൂർത്തിയാക്കിയത്.<br><br>സർക്കാർ ഉത്തരവ് G.O.(P) No. 4/2023/HEDN പ്രകാരം സംസ്ഥാന സർവകലാശാലകളിൽ അസിസ്റ്റന്റ് പ്രൊഫസർ നിയമനത്തിന് പരമാവധി പ്രായപരിധി 50 വയസാണ്. UGC, സർക്കാർ മാനദണ്ഡങ്ങൾ അനുസരിച്ച് 84 -മത് ഭരണസമിതി 45-മത് മാനേജ്മെന്റ് കൗൺസിൽ എന്നിവയുടെ ശിപാർശ യനുസരിച്ച് സർവകലാശാല സ്റ്റാറ്റ്യൂട്ട് ഭേദഗതി ചെയ്ത് 40 ൽ നിന്ന് 50 വയസായി ഉയർത്തുകയും ചെയ്തിട്ടുണ്ട്. ആയത് 06.02.2025 തീയതിയിൽ ബഹു. ഗവർണർ മേൽ സ്റ്റാറ്റ്യൂട്ട് |

| | | | |
|---|---|---|---|
| | | | ഭേദഗതിക്ക് അംഗീകാരം നൽകുകയും, 25.03.2025 തീയതിയിൽ ഗസറ്റിൽ വിജ്ഞാപനം ചെയ്തിട്ടുള്ളതാണ്. ഇപ്രകാരം നിർദ്ദേശിച്ചിട്ടുള്ള പ്രായപരിധി മാനദണ്ഡങ്ങൾ പാലിച്ചു കൊണ്ടാണ് സർവകലാശാല നിയമനപ്രക്രിയ പൂർത്തീകരിച്ചിട്ടുള്ളത്. സർവകലാശാലയിലെ അനധ്യാപക നിയമനങ്ങൾ എല്ലാം തന്നെ കേരളാ പബ്ലിക് സർവീസ് കമ്മീഷൻ മുഖേനയാണ് നടത്തുന്നത്. |
| (ബി) | സർവകലാശാലയിലെ നിയമനങ്ങൾ സംബന്ധിച്ച് ഗവർണർ വിശദീകരണം തേടിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ കാര്യങ്ങളിലാണെന്ന് വ്യക്തമാക്കാമോ; | (ബി) | സർവ്വകലാശാലയിലെ അധ്യാപക നിയമനങ്ങൾ സംബന്ധിച്ചുള്ള പരാതി ബഹു. ചാൻസിലർ 08.10.2025 തീയതിയിലെ KRB/2029/2025-GSO6 നമ്പർ കത്ത് മുഖേന പരിശോധനയ്ക്കായി സർവകലാശാലയ്ക്ക് കൈമാറുകയുണ്ടായി. സംവരണക്രമം, പ്രായപരിധി, തസ്തികയുടെ പുനക്രമീകരണം എന്നിവയായിരുന്നു പരാതിയിലെ പ്രധാനമായ കാര്യങ്ങൾ. അക്കാര്യങ്ങൾ വിശദമാക്കി കൊണ്ട് സർവകലാശാല ബഹു.ഗവർണർക്ക് മറുപടി നൽകിയിട്ടുണ്ട്. |
| (സി) | സംവരണക്രമവും പ്രായപരിധി മാനദണ്ഡങ്ങളും യു. ജി. സി. ഗൈഡ്‌ലൈൻസും ലംഘിച്ചു നടത്തിയ മുഴുവൻ നിയമനങ്ങളും റദ്ദാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (സി) | സർക്കാർ ചട്ടങ്ങൾ , സർവകലാശാല സ്റ്റാറ്റ്യൂട്ട്, UGC മാനദണ്ഡങ്ങൾ എന്നിവയും പാലിച്ചാണ് മുഴുവൻ നിയമനങ്ങളും നടത്തിയിട്ടുള്ളത്. ആയതിനാൽ നിയമനം റദ്ദാക്കേണ്ട സാഹചര്യം നിലവിലില്ല. നിയമനവുമായി ബന്ധപ്പെട്ട് ശ്രീമതി.ലെജനിയ എ.എസ്. ഉം മറ്റുള്ളവരും ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C)465/2025 നമ്പറായ വ്യവഹാരത്തിൽ മേൽ പറഞ്ഞ ആരോപണങ്ങൾ ഉൾപ്പെട്ടിരുന്നുവെങ്കിലും വിശദമായ വാദങ്ങൾക്കൊടുവിൽ മേൽ വ്യവഹാരം കോടതി തള്ളുകയാണുണ്ടായത്. അധ്യാപക നിയമനത്തിനായുള്ള ഇന്റർവ്യൂ 2025 ഒക്ടോബർ 16 – ആം തീയതി അവസാനിച്ചിരുന്നുവെങ്കിലും മേൽ വ്യവഹാര ത്തിൽ വിധി വന്നതിനു ശേഷം മാത്രമാണ് നിയമനം നടത്തിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ